## ജി വി എച്ച് എസ് എസ്
## ഇരിങ്ങോൾ



# സ്പന്ദനം

### ഡിജിറ്റൽ മാഗസിൻ



# ഉള്ളടക്കം


ആമുഖം

ആശംസ

കവിത

കഥ

യാത്രാവിവരണം

കവിത

കവിത

കവിത

Poem

കഥ

കവിത

Poem

യാത്രാവിവരണം

കവിത

കഥ

യാത്രാവിവരണം

കവിത

കഥ

# ആമുഖം

ഇന്ത്യയിലെ ഏറ്റവും വലിയ ഐ.ടി കൂട്ടായ്മയാണ് കൈറ്റ് നേതൃത്വം നൽകുന്ന "ലിറ്റിൽ കൈറ്റ്സ് ".സങ്കേതിക രംഗത്തുള്ള കുട്ടികളുടെ നൈപുണി കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയാണ് ഈ സംരഭത്തിന്റെ ലക്ഷ്യം. സ്വന്തം അഭിരുചികൾക്കനുസൃതമായി ജീവിതം ചിട്ടപ്പെടുത്താൻ,
സാങ്കേതിക വിദ്യയിലെ അനന്തസാധ്യതകളുടെ വിഹായസ്സിലേക്ക് പറന്നുയരാൻ കുട്ടികൾക്ക് അവസരം ഒരുക്കുകയാണ് ലിറ്റിൽ കൈറ്റ്സ്സിന്റെ ലക്ഷ്യം. ഒൻമ്പതാം ക്ലാസ്സ് വിദ്യാർത്ഥികൾ ലിറ്റിൽ കൈറ്റ്സിന്റെ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കുന്ന ഡിജിറ്റൽ
മാഗസീനിലൂടെ ഈ വിദ്യാലയത്തിലെ മറ്റു വിദ്യാർത്ഥികൾ, അധ്യാപകർ, അനധ്യാപകർ എന്നിവരുടെ സർഗ്ഗശേഷിയ്ക്ക് ഡിജിറ്റൽ രൂപം നൽകുന്നു.

ഈ വിദ്യാർത്ഥികളുടെ പ്രയത്നവും കൂട്ടായി നിന്ന അധ്യാപകരുടെ അർപ്പണ ബോധവും അഭിനന്ദനങ്ങൾ അർഹിക്കുന്നു.

ജ്യോതി എം.കെ
(ഹെഡ്മിസ്ട്രസ് )



# ആശംസ



**ഇരിങ്ങോൾ  വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും നന്മകളും നേരുന്നു.എല്ലാ കുട്ടികൾക്കും എന്റെ അഭിനന്ദനങ്ങൾ.**

**അഡ്വ:എൽദോസ് പി.കുന്നപ്പിള്ളിൽ**

**എം.എൽ.എ പെരുമ്പാവൂർ**

# ആശംസ

**ഇരിങ്ങോൾ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് ഞങ്ങളുടെ എല്ലാവിധ ആശംസകളും നേരുന്നു.**



**ശ്രീ എൽദോസ് വീണമാലി**
പി റ്റി എ പ്രസിഡൻറ്



**ശ്രീ അരുൺ പ്രശോഭ്**
എസ് എം സി ചെയർമാൻ



**ശ്രീമതി സരിത രവികുമാർ**
മദർ പി റ്റി എ പ്രസിഡൻറ്

# ആശംസ



ഇരിങ്ങോൾ ജി.വി.എച്ച്.എസ് സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു.

എന്ന് സ്നേഹത്തോടെ

സമീർ സിദ്ദീഖി.പി
B.Sc, LLB ,MBL,MSW

എൻ.എസ് എസ് പ്രോഗ്രാം ഓഫീസർ
അവാർഡ് ജേതാവ്

ആശംസ



ഡിജിറ്റൽ ലോകത്ത് കുട്ടികളുടെതായ കഴിവുകൾ തെളിയിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതിയായ ലിറ്റിൽ കൈറ്റ്സ് വഴി നമ്മുടെ കുട്ടികളും സാങ്കേതിക മികവ് നേടുന്നതിൽ അതിയായ സന്തോഷമുണ്ട്.വേറിട്ട പ്രവർത്തനങ്ങൾകൊണ്ട് മാതൃകയായ ജിവിഎച്ച്എസ്എസ് ഇരിങ്ങോൾ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ് തയ്യാറാക്കുന്ന മാഗസിന് എല്ലാവിധ ആശംസകളും

മുഹമ്മദാലി എം കെ

അധ്യാപകൻ



ദ്രുതഗതിയിൽ വളർന്നുകൊണ്ടിരിക്കുന്ന, വിരൽത്തുമ്പിലെ വിജ്ഞാനവിപ്ലവത്തിന്റെ നേതൃത്വത്തിലെക്ക്
ഉയരാൻ നമ്മുടെ കുട്ടികൾക്ക് അവസരമൊരുക്കുന്ന ലിറ്റൽ കൈറ്റ്സ് കൂട്ടായ്മയ്ക്ക്....

വികാരങ്ങൾക്ക് വാക്കുകളിലൂടെ വരികളിലൂടെ രൂപം നൽകിയ ഭാവനാസമ്പന്നരായ വ്യക്തിത്വങ്ങൾക്ക് ......

അവരുടെ മറന്നുപോയ എഴുത്തിടങ്ങളിലേക്ക് കടന്നുചെല്ലാൻ അവസരമൊരുക്കിയ ഒമ്പതാം ക്ലാസ്സുകാരുടെ 'ലിറ്റിൽ കൈറ്റ്സ്'' യൂണിറ്റിന്റെ ഡിജിറ്റൽ മാഗസിന്.... അതിലൂടെ സ്വയം അടയാളപ്പെടുത്താൻ ശ്രമിക്കുന്ന ഭാവിതലമുറകൾക്ക്....

ഈ പ്രയത്നത്തിന്റെ സഫലതയ്ക്ക്....
പിന്നെ,അതിന്റെ ചാരുതയ്ക്ക്....
എല്ലാ ആശംസകളും നേരുന്നു....

കല വി.എസ്
അധ്യാപിക

സാങ്കേതികവിദ്യയുടെ ദ്രുതഗതിയിലുള്ള വളർച്ച ഇന്നത്തെ കുട്ടികളറിയേണ്ടതുതന്നെ.പണ്ടത്തെ വിദ്യാഭ്യാസരീതിയിൽനിന്നൊരുപാടു മാറി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യേണ്ടതിന്റെ പ്രസക്തി കുട്ടികളും അധ്യാപകരും രക്ഷിതാക്കളും ഉൾക്കൊണ്ടുകഴിഞ്ഞു. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സർക്കാർ സ്കൂളുകൾ കമ്പ്യൂട്ടർവത്കരിക്കുകയും ,കുട്ടികൾക്ക് ഐ.റ്റി പഠനത്തോടൊപ്പം സാങ്കേതിക വിദ്യയിൽ കൂടുതൽ പ്രാഗത്ഭ്യം നേടാൻ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് കൂടി ആരംഭിക്കുകയും ചെയ്തു. കൃത്യമായ പ്ലാനിങ്ങോടെ കൈറ്റ് മാസ്റ്റേഴ്സ്ന് വേണ്ടി പരിശീലനം നൽകി യഥാസമയം മൊഡ്യൂൾ കുട്ടികളിലേക്കെത്തിക്കാൻ വേണ്ട സംവിധാനങ്ങളാണ് ഇന്നുള്ളത്. അതിൽപങ്കാളികളായതിന്റെ സന്തോഷത്തോടെ, ചാരിതാർത്ഥ്യത്തോടെ ഞങ്ങളും......



മിനി പി എസ്
കൈറ്റ്മിസ്ട്രസ്



സൂര്യ വി ആർ
കൈറ്റ്മിസ്ട്രസ്



# BATCH 2021 -24



# BATCH 2022-25




# BATCH 2023-26



# ജീവമലയാളം

അമ്മയുടെ   സ്നേഹമാണ് മലയാളം
അമ്മയുടെ ഉമ്മയാണ് മലയാളം
നമ്മുടെ ഭാഷയാണ് മലയാളം
ജീവിതഭാഗമാണ് മലയാളം
കുട്ടിയുടെ കൂട്ടാണ് മലയാളം
മധുരിതമാം വാക്കുള്ള മലയാളം
ദൈവത്തിൻ സൃഷ്ടിയാണ് മലയാളം
ദൈവത്തിൻ ഇഷ്ടമുള്ള മലയാളം

-അഗാസി റ്റി.എസ്
ക്ലാസ്സ് ; 5



Abhishek Unnikrishnan

# WONDERS OF THE NATURE



Oh, Dear God!
I'm wondered by your creation!
Oh, The Nature!
I'm mesmerised by it!

Everything that our soul ever needs
It resides in the nature
Nature's magical charm, makes us feel warm

While gazing into the nature,
I got a few signs of rain
Soon I heard,
The rain patting across.

Every drops of rain
Felt like an emotion
By experiencing it,
I felt like in heaven!

Oh, Dear God!
I'm wondered by your creation!
Oh, The Nature!
I'm mesmerised by it!

Ayana N P
Std : IX

# മറൈൻ എക്സ്പോ


ഞാൻ ബൈക്കിലാണ് മറൈൻ എക്സ്പോയിൽ പോയത്. അവിടെ ചെന്നപ്പോൾ എനിക്ക് വളരെ സന്തോഷമുണ്ടായിരുന്നു. അവിടെ മുഴുവൻ അലങ്കരിച്ചിരുന്നു. ഞാൻ അച്ഛന്റെയും അമ്മയുടെയും കൂടെയാണ് പോയത്. അവിടെ ടിക്കറ്റ് കൗണ്ടറിൽ പോയി പൈസ കൊടുത്ത് അകത്തുകയറി ധാരാളം മനോഹരമായ പക്ഷികളെ എനിക്കു കണാൻ സാധിച്ചു.പലവർണ്ണത്തിലുള്ള തത്തകളെയും എനിക്കവിടെ കാണാൻ സാധിച്ചു. വെളുത്ത കീരി,ഒട്ടകപക്ഷി,ഓന്തുകൾ,വെളുത്ത മക്കാവേനെ എന്നിവയൊക്കെ ഞാനവിടെ കണ്ടു. കൂടാതെ പലതരം മീനുകളേയും എനിക്കുകാണാൻ പറ്റി. അലിഗേറ്റർ സ്റ്റാർഫിഷ്,പിരാന,ക്യാറ്റ്ഫിഷ്,ഗോൾഡൻ ഫിഷ്,കോയികാർപ്പ്,ബ്ലാക്ജറ്റ എന്നീ മീനുകളെ എനിക്കു കാണാൻ സാധിച്ചു. പിന്നെ റൈഡുകളിൽ കയറി. ആകാശ ഊഞ്ഞാൽ തുടങ്ങിയവയിലൊക്കെ കയറി. പിന്നെ അവസാനം ഒരു ഐസ്ക്രീംകഴിച്ച് ഞങ്ങൾ വീട്ടിലേക്കു യാത്രയായി. എനിക്ക് വളരെ സന്തോഷകരമായ ദിവസമായിരുന്നു ആ ദിവസം.






അശ്വിൻ വി ആർ

STD V A




ARCHANA UNNIKRISHNAN

STD : IX



NEENU T BIJU

STD IX



IRIN MARIYA BIJU
STD IX

കവിത




## ഗുരുവന്ദനം

**കുഞ്ഞി  കൈയിൽ എഴുത്തോല**

**കുഞ്ഞി കൈയിൽ എഴുത്താണി**
**ഉമ്മറ കോലായിൽ ഹരി ശ്രീ...കുറിക്കുമ്പോൾ**
**അറിവാണ് ഗുരുവെന്നോതിടുന്നു**
**അറിവാണ് ഗുരുവെന്നോതിടുന്നു**

**ഗുരുഹൃദയം സ്നേഹനിറകുടമായ്**
**അറിവിൻ പൊന്നൊളിപകർന്നുനല്കി**
**കുഞ്ഞികാലൊന്നിടറിയാലോ...**
**ചാരെയെത്തുമെൻ ഗുരുനാഥർ**
**എനിക്കാനന്ദമേകുവൻ ഗുരുനാഥൻ**
**അമ്മ നല്കിയ മൊഴിമുത്തുകൾ**
**അമ്മിഞ്ഞ താരാട്ടായ് ഒഴുകി വന്നു?**
**ആച്ഛനും,അമ്മയും,ഗുരുവും ദൈവമെന്ന**
**ഭൂമിയിൽ സത്യത്തെ പകർന്നുതന്നു..**
**ഭൂമിയിൽ സത്യത്തെ പകർന്നുതന്നു..**

**സീത      എം.ബി**
**അധ്യാപിക**



UDAY BISWAS STD V B

കവിത

# പൂമ്പാറ്റ

പാറി പറക്കുന്ന പൂമ്പാറ്റേ

കുഞ്ഞിളം ചുണ്ടുള്ള പൂമ്പാറ്റേ

തേനുണ്ണാൻ എന്തേ വൈകി നീ
ചന്തമെഴുന്നൊരു പൂമ്പറ്റേ

കാലത്തെ സൂര്യനുദിച്ചില്ലേ

പൂമണമെങ്ങും പരന്നില്ലേ

തേനുണ്ണാൻ എന്തേ വൈകി നീ

കാലത്തെ നേരത്തെ വന്നില്ലേൽ

പാറിയടുക്കുന്ന കരിവണ്ടു നിൻ
തേൻകുടമെങ്ങാനും കൊണ്ടുപോകും.

മിഥില എം ബിജു
IV B



# പ്രവർത്തനങ്ങൾ വാർത്തകളിലൂടെ



സംസ്ഥാന അധ്യാപക, പിടിഎ അവാർഡുകൾ വിതരണം ചെയ്തു

## അധ്യാപക-വിദ്യാർഥി ബന്ധം ജനാധിപത്യവൽക്കരിക്കണം: മന്ത്രി എം ബി രാജേഷ്

സെക്കൻഡറി തലത്തിലെ മികച്ച പിടിഎക്കുള്ള സംസ്ഥാന അവാർഡ് പെരുമ്പാവൂർ ഇരിങ്ങോൾ ഗവ. വിഎച്ച്എസ്എസ് പ്രതിനിധികൾ മന്ത്രി എം ബി രാജേഷിൽനിന്ന് ഏറ്റുവാങ്ങുന്നു



## പക്ഷികൾക്ക് കുടിവെള്ളം ഒരുക്കി വിദ്യാർഥികൾ

പെരുമ്പാവൂർ

കൊടുംചൂടിനെ പ്രതിരോധിക്കാൻ പക്ഷികൾക്ക് ദാഹജലം ഒരുക്കി ഇരിങ്ങോൾ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾ. വേനലിൽ കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കാൻ വിദ്യാഭ്യാസവകുപ്പ് പ്രഖ്യാപിച്ച വാട്ടർബെൽ പദ്ധതിക്ക് ഐക്യദാർഢ്യമായാണ് പക്ഷികൾക്കും കുടിവെള്ളമൊരുക്കിയത്.

വിദ്യാർഥികൾ വീട്ടിൽനിന്ന് കൊണ്ടുവന്ന ചോറ്റുപാത്രങ്ങളിൽ വെള്ളം നിറച്ച് സ്കൂൾ വളപ്പിലെ മരച്ചില്ലകളിൽ തൂക്കിയിട്ടു. സമീപമുള്ള ഇരിങ്ങോൾ വനത്തിൽ കൂടുകൂട്ടിയിരിക്കുന്ന പക്ഷികൾക്കും പ്രയോജനം ലഭിക്കും. അതിഥിത്തൊഴിലാളികളുടെ മക്കളും യുകെജി വിദ്യാർഥികളായ വി ആർ ശ്രീരാഗ്, ആരാധ്യ സിങ്, ഗണേഷ് പ്രധാൻ, എൽകെജി വിദ്യാർഥികളായ ഭാരിക സിന്ദർ, രോഹൻ കൗസർ എന്നിവരും ക്യാമ്പയിന്റെ ഭാഗമായി. സ്കൂൾ പ്രിൻസിപ്പൽ ആർ സി ഷിമി, പ്രധാനാധ്യാപിക എം കെ രജ്യോതി, പിടിഎ പ്രസിഡന്റ് എൽദോസ് വീണമാലി, പി സമീർ സിദ്ദീഖി എന്നിവർ സംസാരിച്ചു.

ഇരിങ്ങോൾ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെ വിദ്യാർഥികൾ ചൂടിനെ പ്രതിരോധിക്കാൻ പക്ഷികൾക്ക് ചോറ്റുപാത്രത്തിൽ ദാഹജലം തൂക്കിയിടുന്നു



ജന്മഭൂമി 2 CHN

തിങ്കൾ

2024 ഫെബ്രുവരി 19

'കുട്ടി റേഡിയോ നിലയം 108' ഉള്ളത് ഇരിങ്ങോൾ സ്കൂളിൽ



## ഹായ് ഞാൻ നിങ്ങളുടെ കുട്ടി ആർജെ അഭിനന്ദന


വർഗീസ് തെറ്റയിൽ

# മൂന്നാറിലേക്കൊരു യാത്ര

ബേസിൽ ഷിജു
Std X

**യാത്രാവിവരണം**

നടക്കുമോ എന്നറിയാതെയാണ് ഞങ്ങൾ ഞങ്ങളുടെ 10-ലെ ടൂർ സംഘടിപ്പിക്കാൻ തയ്യാറായത്. എന്റെ ഈ സ്കൂളിലെ ആദ്യത്തേതും അവസാനത്തേതുമാകുമെന്നറിയാം, എന്നാലും കൂട്ടുകാരുടെയും അധ്യാപകരുടെയുമൊക്കെ കൂടെയുള്ള ഈ വിനോദയാത്ര അത്രയും സ്വപ്നതുല്യമായിമാറട്ടെ എന്ന്പ്രതീക്ഷിച്ചുകൊണ്ടാണ്ഞാൻ എൻെറ ടൂറിനെ വരവേറ്റത്. ടീച്ചർമാരുടെയും കുട്ടികളുടെയും പ്രയത്നത്തിന്റെ അനന്തരഫലമായി ഞങ്ങളുടെ യാത്ര നടത്താൻ തീരുമാനിക്കപ്പെട്ടു. ഒക്ടോബർ 27,28 ദിവസങ്ങളിലാണ്.ഞാനും എന്റെ സഹപാഠികളും ആ ദിവസത്തിലേക്ക് ഉറ്റുനോക്കിക്കൊണ്ടിരിക്കുകയാണ്. അതിനിടയിൽ നടക്കുന്നതൊന്നും ഞങ്ങൾ അറിയുന്നില്ല എന്നല്ല, ഞങ്ങൾ അറിയാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നില്ല എന്നതാണ് പരമാർത്ഥം. ഞങ്ങൾ ഞങ്ങളുടെ മനസ്സിലെ ഒരു മൂലയിൽ ഞങ്ങളുടെ മാത്രമായ ഒരു സ്വപ്നലോകം തീർക്കുകയായിരുന്നു ഈ ദിനങ്ങളിൽ.ഞങ്ങളുടെ ഓരോ മിനിറ്റും ഞങ്ങൾ എണ്ണിനീക്കി.ഞാൻ സഹിച്ചും ക്ഷമിച്ചും സമയം എണ്ണിനീക്കിയും കൊണ്ടുപോയത് ഈ ദിനത്തിന് വേണ്ടിയായിരുന്നു.



അതെ
നാളെയാണ്.
ഏകാന്തതയി
മിണ്ടാൻ മടിച്ച
മാത്രം വീട്
ഒറ്റപ്പെട്ടുപോയ
ഉപേക്ഷിച്ച
തിരിച്ചറിഞ്ഞു.
ഞങ്ങൾക്ക് പ
നാട്ടിലേയും
പെറുക്കിക്കൂട്ടി ഒരു
സർവ്വസന്നാഹത്തോടെ ഞാനും അച്ഛനും സ്കൂൾ ലക്ഷ്യമാക്കി നടന്നു. യാത്രക്കുവേണ്ടി ഞങ്ങളെ വഹിക്കാൻ എത്തിയ ആ ബസ് കണ്ടപ്പോൾ മഴക്കുവേണ്ടി കാത്തിരുന്ന വേഴാമ്പലിന്റെ മാനസികാവസ്ഥയോട് വേണമെങ്കിൽ എന്റെ അവസ്ഥ ഒത്തുനോക്കാം. ഇതിനിടയിൽ എന്റെ ശ്രദ്ധയിൽപെട്ട ഒരുകാര്യമാണ് യാത്രക്കായി എത്തിച്ചേർന്ന ഓരോ കുട്ടിയിലും ഞാൻ എന്റെ മാനസികവസ്ഥയാണ് കണ്ടത്.എന്തിന് പറയുന്നു ഞങ്ങളുടെ അധ്യാപകർ പോലും ഞങ്ങളിൽ ഒരാളായി നിന്ന കാഴ്ചയാണ് കണ്ടത്. ഞങ്ങളുടെ പ്രിയ അധ്യാപകരായ കല ടീച്ചറുടെയും സൂര്യ ടീച്ചറുടെയും മുഖത്ത് മറ്റൊരു ബാല്യത്തിന്റെ ഉത്ഭവമാണ് തെളിഞ്ഞ് കാണാൻ കഴിഞ്ഞത്. പ്രതീക്ഷകളോടെയും സന്തോഷത്തോടെയും ഞങ്ങൾ ഞങ്ങളുടെ യാത്രക്ക് തുടക്കം കുറിച്ചു. പ്രാർത്ഥനകളോടും ആശംസകളോടും കൂടി ഞങ്ങളുടെ മാതാപിതാക്കൾ

ഞങ്ങളെ യാത്രയാക്കി.യാത്രയുടെ ആരംഭം മുതൽ സുഹൃത്തുക്കളുടെ ആഘോഷങ്ങളും നൃത്തവും തുടങ്ങി. ഒട്ടും വിട്ടുകൊടുക്കാതെ ഞാനും ഒപ്പം കൂടി. അതിലെ ഷെരീഫിന്റെയും ആദർഷിന്റെയും ഹാസ്യപരമായ ചുവടുകൾ കൂടിയായപ്പോൾ യാത്രയുടെ രസം അങ്ങ്കൂടി. ഇരുവരുടെയും ആ നൃത്തചുവടുകൾ ഇപ്പോഴും എന്റെ കണ്ണുകളിലൂടെ ഓടിക്കൊണ്ടിരിക്കുന്നു.

യാത്രമാത്രമായിരുന്നില്ല ഞങ്ങളുടെ പ്രധാനലക്ഷ്യം. അതിനിടയിൽ ലഭിക്കുന്ന ഭക്ഷണത്തെയാണ് ഞങ്ങൾ കൂട്ടത്തോടെ ആക്രമിക്കാൻ ലക്ഷ്യമിട്ടതെന്നുള്ള കാര്യമാണ് മറ്റൊരു സത്യം. ഇതിനിടയിൽ നടന്നുകൊണ്ട് അവസാനമില്ലാത്ത ഒരു കാഴ്ചയുണ്ടായിരുന്നു ക്ലാസിലെ ഏറ്റവും നല്ല രസികൻ എന്ന് സ്വയം വ്ഴ്ത്തുന്ന എന്റെ പ്രിയ സുഹൃത്തുക്കളിൽ ഒരാളും കൂടിയായ അക്ഷയിയുടെ കൂടെയായിരുന്നു യാത്രയിൽ ഞാൻ സ്ഥാനം ഉറപ്പിച്ചത്. എന്റെ ഗതികേട് എന്നല്ലാതെ എന്തുപറയാൻ. അവന്റെ യാത്രയിലുടനീളമുള്ള സകലമാന ചളികൾക്കും കോപ്രായങ്ങൾക്കും ഞാൻ ഇരയാവേണ്ടിവന്നു! സത്യത്തിൽ ഇതൊക്കെയായിരുന്നു ജീവനും ഉണർവും നൽകി യാത്രയാക്കി മാറ്റിയത്.ഒരു വശത്തു കൂടെ എന്റെ സഹപാഠി എൽവിന്റെ ഉറക്കം ഒട്ടും വഴിമുട്ടിക്കാതെ അതിവേഗത്തിൽ തന്നെ തുടരുന്നുണ്ടായിരുന്നു. ഈ ദൃശ്യങ്ങളൊക്കെ പകർത്തിയും യാത്ര നീളെ പലഹാരങ്ങൾ കഴിച്ചുമ




ായ
ി
രു
ന്ന ഞങ്ങൾ സമയം ചിലവഴിച്ചത്.ഇടക്കിടെ പ്രധാന സന്ദർശനകേന്ദ്രങ്ങളിലൂടെയും ഞങ്ങൾ കടന്നു പോയിരുന്നു. നൂറ് കുതിരകളുടെ ശക്തിയോടെ താഴോട്ട് കുതിച്ചു ചാടുന്ന ധവളപ്രകാശത്തോടുകൂടിയ വെള്ളച്ചാട്ടവും ഞങ്ങളുടെ സന്ദർശനകേന്ദ്രങ്ങളിലെ അതിമനോഹരവും ആകസ്മികവുമായ ഒരു കാഴ്ചയായിരുന്നു. തുടർന്ന് ചന്ദനക്കാടുകളെയും വന്യമൃഗങ്ങളെയും ഞാൻ കണ്ട് രസിച്ചു.ഇതോടെ മിക്കവാറും കുട്ടികളുടെ വയറുകളിൽ വിശപ്പിന്റെ കാഹളം മുഴങ്ങിയിരിക്കണം. അതിന്റെ തീക്ഷണമായ ഭാഗം ആദ്യം മുതൽ പ്രകടിപ്പിച്ചത് അതികൃത്യതയോടെ നൃത്തം വച്ച ഷെരീഫ് തന്നെയായിരിക്കണം എന്നതാണ് എന്റെ ഓർമ്മ. കൊടുത്ത പണം മുതലാക്കാൻ തന്നെയായിരിക്കണം ഷെരീഫ് തീരുമാനിച്ച് ഉറപ്പിച്ച് വന്നത്. അതിന്റെ ആരംഭത്തിനുള്ള ആരവമായിരിക്കണം ഷെരീഫിന്റെ ആ വിശപ്പിന്റെ കാഠിന്യത്തിലൂടെ കാണിച്ച് തരുന്നത്.യാത്രയോടൊപ്പം സമയവും കടന്നു പോകുന്ന കാര്യം മറന്ന് ഞങ്ങൾ ആ ബസിൽ ഒരു ചെറിയ ഉത്സവസമാനമായ


അന്തരീക്ഷം തന്നെ സൃഷ്ടിച്ചു.അതിന്റെ മൂർത്തീഭാവം വ്യക്തമായത് ജീപ്പ് യാത്രയിലൂടെയായിരുന്നു. ജീപ്പ് യാത്രയിലൂടെ ടീച്ചർമാരും അവരുടെ വ്യാകുലതകളെല്ലാം കാറ്റിൽ പറത്തി ഒപ്പം കൂടി.അതിനുശേഷം ഞങ്ങൾ ഞങ്ങളുടെതായ താമസസ്ഥലത്ത് എത്തിയത് സന്ധ്യയോടുകൂടിയാണ്. അവിടെ എത്തിയപ്പോൾ എല്ലാവരുടെയും മനസ്സിൽ ഒരു കുളിർമ്മയുടെ ഇളം കാറ്റ് വീശി. എന്നാൽ അത് അധികം നിലനിന്നിരുന്നില്ല. ഏറെ വ്യത്യസ്തവും നിഗൂഢവുമായ ഒരു നാടകീയ മുഹൂർത്തതിന്റെ കൗണ്ട്ഡൗൺ ഇവിടെ തുടങ്ങിയിരുന്നു എന്ന് ഞാൻ ഒരിക്കലും ചിന്തിച്ചതേയില്ല . എന്റെ ഓർമ്മയുടെ കൃത്യതയനുസരിച്ച് ഒരു മണിയോടെ ഞങ്ങളിലെ ഏതോ ഒരു വികൃതി മനസ്സിന്റെ ഉടമകൾ സൃഷ്ടിച്ച വ്യക്തമായ തിരക്കഥയുടെ പിൻബലത്തിലൂടെ തകർന്ന് പോവാതെ ആ ആവിഷ്കാരം ഉടലെടുത്തു. അതിലെ വേട്ടമൃഗങ്ങളാകാൻ തിരഞ്ഞെടുത്തത് നന്ദു, രാഹുൽ, അക്ഷയ്, ഹരി, ജീസ്, അഗസ്റ്റിൻ എന്നിവരടങ്ങിയ ധൈര്യവാൻമാരുടെ സംഘത്തെയായിരുന്നു.

ഇതിലൊന്നും പെടാതെ ഞാനും ബാക്കി എന്റെ മൂന്ന് സുഹൃത്തുക്കളും ഏകാന്ത നിദ്രയിൽ തെന്നി വീണപോയിരുന്നു. മറുഭാഗത്ത് അവർ ജീവിതത്തോടും ഏതോ ഒരു തിരക്കഥാകൃത്തിന്റെ കഥയോടും മൽപിടിത്തത്തിൽ മുഴകിചേർന്നിരുന്നു എന്നാണ് എന്റെ സഹപാഠികൾ പറഞ്ഞതിൽ നിന്ന് ഞാൻ രൂപീകരിച്ചത്.എന്തായാലും ആ സന്ദർഭങ്ങളും ചിരി നിറഞ്ഞ നിമിഷങ്ങളും അവർക്ക് പിന്നീട് മറക്കാൻ പറ്റാത്ത രസകരമായ നിമിഷങ്ങൾ മാത്രമാകട്ടെയെന്ന് ഞാൻ ചിന്തിക്കുന്നു. മറ്റൊരു വേവലാതികളും തടസങ്ങളുമില്ലാതെ പിറ്റേന്ന് ഞങ്ങൾ മടക്കയാത്ര ആരംഭിച്ചു. ഞങ്ങൾ തങ്ങളുടെ മായാത്ത ഓർമ്മയും പേറി യാത്രക്കൊരുങ്ങി. പിന്നീട് ഒരിക്കലും ഇങ്ങനെയൊരുനിമിഷം അവർക്ക് ലഭിക്കുമോ എന്നും യഥാർത്ഥത്തിൽ എന്താണ് അവിടെ നടന്നതെന്നും ചിന്തിച്ച് എന്റെ മനസിനെ ഞാൻ ആ വീട്ടിൽ മറന്നുവെച്ചതായി എനിക്കു അനുഭവപ്പെട്ടു. ഇതിലുടനീളം ചോരാത്ത പ്രചോദനമായി PTA അംഗങ്ങളും ബസ്സിൽ ഞങ്ങൾക്ക് കൂടെ ഉണ്ടായിരുന്നു. രാവിലെ പ്രഭാതഭക്ഷണവും കഴിഞ്ഞ് ഞങ്ങൾ വീണ്ടും മൂന്നാറിലെ തണുപ്പിൽ കാഴ്ചകളുടെ ഇടയിലേക്ക് ഇറങ്ങിചെന്നു.... പിന്നീട് ഞങ്ങൾ അവിടെ നിന്ന് ലഭിക്കുന്ന മിഠായികളും ചോക്ലേറ്റുകളും വാങ്ങി കീശയിലിട്ട് യാത്ര തുടർന്നു. ഞാനും വാങ്ങി രണ്ട് പെട്ടി മിഠായി. ഇത് തിന്നുക എന്നതിൽഉപരി യാത്രയുടെ പ്രൗഢിയുടേയും നിലവാരത്തെയും നാട്ടുകാരെയും വിട്ടുകാരെയും ബോധിപ്പിക്കലായിരുന്നു എന്റെ ഉദ്ദേശ്യം. യാത്ര തുടങ്ങിയ ഓർമ്മകളിലുടെയും മൂന്നാറിലെ മറ്റു


നിമിഷങ്ങളിലൂടെയും ഞാൻ എന്റെ നേത്രം കൊണ്ട് മറ്റൊരു യാത്രക്ക് അനുമതി കൊടുത്തു. ആ ഓർമ്മയുടെ വഴിയിലൂടെ മറ്റൊരു യാത്ര തുടങ്ങി തീരുന്ന നിമിഷം മുതലാണ് ഞാൻ മൂന്നാർ വിടുന്നു എന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കി പൂർണ്ണ സ്വബോധത്തോടെ തിരിച്ച് വർത്തമാനകാലത്തിലേക്ക് ഇറങ്ങിവന്നത്. ഏതായാലും കൂട്ടുകാരുടെ ഒപ്പമുള്ള ഈ യാത്ര എന്റെ ഓർമകളിൽ നിന്ന് ഒരിക്കലും അപ്രത്യക്ഷമാകില്ല എന്നുള്ള ദൃഢനിശ്ചയത്തോടെ യാത്രയുടെ അന്ത്യത്തിന്റെ ഭാഗമായി എന്നുള്ള കാര്യം ഞാൻ എന്നെ തന്നെ സ്വയം പറഞ്ഞു പഠിപ്പിക്കുകയായിരുന്നു ഈ നിമിഷങ്ങളിൽ. ഈ യാത്ര ഇത്രയും ഭംഗിയായി കലാശിക്കാൻ കാരണക്കാരനായതും അത്രയും കൃത്യനിഷ്ഠയോടെ ഞങ്ങളെ വഹിച്ച വണ്ടിയുടെ ഡ്രൈവറേയും ഞാൻ ഈ യാത്ര അന്ത്യത്തിൽ ഓർക്കുന്നു. ആഘോഷങ്ങളും ആഹ്ലാദങ്ങളും ഇവിടെ അവസാനിക്കുകയാണ്. ഇനി ഞങ്ങളിൽ പരിക്ഷയുടെ ചൂട് മാത്രമേ നിലനിൽക്കാവു എന്ന വാക്യം ഞാൻ മനസിൽലുരുവിട്ടു കൊണ്ടിരിക്കുന്നതും ഞങ്ങളുടെ യാത്രയുടെ അന്ത്യസ്ഥാനമായ സ്കൂളിലേക്കു പ്രവേശിക്കുന്നതും ഒരേനിമിഷത്തിലായിരുന്നു. ഞങ്ങളെ കാത്ത് അവിടെ ഞങ്ങളുടെ പ്രിയ മാതാപിതാകൾ അൽപ്പം വ്യാകുലതകൾ കലർന്ന ഭാവത്തോടെ ഞങ്ങളെ പ്രതീക്ഷിച്ച് നിക്കുന്നതും എൻെറ മനസിലെ മായാത്ത സുന്ദരനിമിഷങ്ങളിലെ ഒരു ഏടാണ്. ബസിൽ നിന്ന് പതുക്കെ ഇറങ്ങി വീണ്ടും എന്റെ പ്രിയ കൂട്ടുകാരുടെ ഇടയിലൂടെ കണ്ണോടിച്ച്നോക്കിയും യാത്രപറഞ്ഞും ഞാൻ എൻെറ വീട്ടിലേക്ക് മടങ്ങി. വീട്ടിലേക്ക് പോയത് എന്റെ ശരീരം മാത്രമായിരുന്നു എന്റെ മനസ്സ് ബസിലെ ആ സീറ്റിൽതന്നെ ഉറച്ചുപോയിരുന്നു.എന്നാലും ഒരു ദിവസം വീട്ടിൽ നിന്ന് മാറിനിന്ന ചെറിയ ഒരു വിഷമം എന്റെ ഉള്ളിൽ എപ്പോഴും ഉണ്ടായിരുന്നു.അത് ഇതോടെ ശമിച്ചു.ഞാൻ ഉറങ്ങാൻ കിടന്നു .എന്നാലും മൂന്നാറിലെ കാഴ്ച്ചകൾ എന്റെ ഉള്ളിൽ എത്രകണ്ടാലും മതിവരാതെ വീണ്ടും വീണ്ടും കണ്ടകാഴ്ച്ചകൾതന്നെ കണ്ടാലും മതിവരാതെ, അതുതന്നെ വീണ്ടും അത്ഭുതത്തോടെയും കൗതുകത്തോടെയും നോക്കക്കണുന്ന ഒരു കുഞ്ഞിന്റെ മനസ് എന്റെ ഉള്ളിൽക്കിടന്ന് വിതുമ്പി.ഞാൻഎന്നെ തന്നെ ഉറക്കത്തിന്റെ അഴത്തിലേക്ക് വിട്ടുകൊടുത്തു.







SARANG M A IV B



# മഞ്ഞു തുള്ളികൾ



സുമിത സി എം

പുൽക്കൊടി തുമ്പിലെ
മഞ്ഞു കണങ്ങളിൽ

പാദങ്ങളൂന്നി ഞാൻ
നടന്നിടുമ്പോൾ
ഒരു മാത്ര ഞാനൊന്നു
ശങ്കിച്ചു പോകുന്നു
ഒരു മഞ്ഞു കണമല്ലൊ
മാനുഷ ജീവിതം

ബന്ധങ്ങളെല്ലാം ത്യജിക്കാൻ
ശ്രമിക്കുമ്പോൾ
ബന്ധത്തിലാഴ്ത്തുന്നോര-
ജ്ഞാതശക്തി
ബന്ധ ചരടുകൾ തമ്മിൽ
പിണയുമ്പോൾ
തമ്മിൽ ചതിക്കുന്ന

തെന്തിനു മാനുഷൻ
വരും കാല വരുമാനം
കണക്കുകൂട്ടും ജനം
വരുന്നതോ കാലന്റെ
കരാളഹസ്തങ്ങൾ
വരിക്കുകയല്ലാതെ
മാർഗ്ഗമില്ലാ കഷ്ടം!

കഥ

# കൂട്ടുകാർ

ഒരു ദിവസം ഒരു ഗ്രാമത്തിൽ രണ്ടു കൂട്ടുകാർ ഉണ്ടായിരുന്നു.അവരുടെ പേര് രാജ,രവി എന്നായിരുന്നു.അവർ ഒരിക്കൽ ഒരു യാത്രയ്ക്ക് പോയി.അവർ എറണാകുളത്ത് 'ഫ്ളവർ ഷോ' കാണാനാണ് പോയത്.അവിടെ ഉണ്ടായിരുന്ന പൂക്കൾ രാജയും രവിയും കണ്ട് ആസ്വദിച്ചു.അപ്പോൾ രാജ രവിയോട് ചോദിച്ചു ഞാനൊരു പൂവ് പറിച്ചോട്ടെയെന്ന്.രവി പറഞ്ഞു വേണ്ട,വേണ്ട. അതെന്താ? രവി പറഞ്ഞു ഇവിടത്തെ പൂവ് പറിച്ചാൽ അവർ നമ്മളെ വഴക്ക് പറയും.രാജ രവിയുടെ കാര്യം ശ്രദ്ധിച്ചില്ല.രാജ ഒരു പൂവ് പറിച്ചു.അവിടെ നിന്ന എല്ലാവരും രാജയെ കണ്ട് അവരും പൂവ് പറിച്ചു.അപ്പോൾ രവി പറഞ്ഞു 'എടാ രാജ നീ എന്താ ചെയ്തത് ?' നിന്നോട് ഞാൻ പൂവ് പറിക്കല്ലേ എന്നല്ലേടാ പറഞ്ഞത്.അപ്പോൾ അവിടുത്തെ ഫ്ളവർ ഷോ നടത്തിപ്പുകാരൻ വന്നു.'ഇത് ആരാടാ ചെയ്തത്?'അപ്പോൾ രാജ അവിടെ ഒളിച്ചിരിക്കുന്നത് അയാൾ കണ്ടു.'ഇറങ്ങി വാടാ നീ ഇന്ന് ഈ പറിച്ചതിന്റെ എനിക്ക് കാശ് അടച്ചിട്ട് പോയാൽ മതി' രാജ രവിയോട് പറഞ്ഞു. എടാ ഞാനിനി എന്ത് ചെയ്യും.ഞാൻ നിന്റെയടുത്ത് പറഞ്ഞതല്ലേ പൂവ് പറിക്കണ്ടാന്ന്.എന്നോട് ക്ഷമിക്കണം.ഒടുവിൽ രാജയുടെ പൈസ രവി അടച്ചു.അവർ സന്തോഷത്തോടെ വീട്ടിലേക്ക് മടങ്ങി.

ഗുണ പാഠം;നല്ല സുഹൃത്ത് നല്ല വഴികാട്ടിയാണ് കൂട്ടുകാരുടെ നല്ല ഉപദേശങ്ങൾ ചെവി കൊള്ളുക.

–സിനമോണി
ബോറ.
ക്ലാസ്സ് : 6

# അമ്മയെ തേടി

കവിത



മണ്ണിന്റെ മാറിൽ മുഖം ചായ്ച്ചുറങ്ങുവാൻ ,

മർത്യൻ കൊതിക്കുന്ന നാളിൽ
മോഹങ്ങൾ തളിരിടും നാളിൽ
കാനനമില്ല, കുളിരിടും കനവുകളില്ല

കനവില്ലാതെ മരുഭൂമി മാത്രം ., ഇവിടം
കത്തുന്ന മരുഭൂമി മാത്രം

കണ്ടുവളർന്നൊരാ കാഴ്ചകൾ മാറി
പച്ചപുതച്ച മാമലകളില്ലിവിടെ
മഴയിൽ കുതിരുന്ന കാഴ്ചകളില്ല
കാനനഭൂവിലെ മാമരമില്ല
കത്തുന്ന സൂര്യന്റെ കാഴ്ചമാത്രം.,ആളി
കത്തുന്ന സൂര്യന്റെ കാഴ്ചമാത്രം

ചതുരംഗകേളിയിൽ വെട്ടിപ്പിടിച്ചൊരാ മേൽമണ്ണും
ശകടങ്ങളാം ശവമഞ്ചങ്ങളിൽ യാത്ര തുടരുന്നു.
ഒരു പുറം സ്വർഗ്ഗമായ്മാറ്റാൻ ശ്രമിക്കുമ്പോൾ
സ്വർഗ്ഗമാം മറുപുറം നരകമായ് മാറുന്നു.
ഈ കാഴ്ച കാണാതെ കുരുടമനസുകൾ
പുതിയൊരാ മേച്ചിൽപ്പുറത്തിനായ് യുദ്ധം തുടരുന്നു.

ഒരു നാളിൽ കണ്ടുഞാൻ വയുകൾ തോറും
പലപല വർണകൊടികൾ ഉയരുന്നു
നിറഭേദമന്യേ നിശബ്ദതഭേദിച്ച്

ഉച്ചസ്വരത്തിൽ ആർത്തുവിളിക്കുന്നു
ഇത് എന്റെ അമ്മ , സ്വന്തം പോറ്റമ്മ
ജീവൻ തുടിക്കുന്ന ഗ്രാമീണ ഭൂമി
ഇല്ലിതിനു മരണവും നഗരവൽക്കരണവും
ഞങ്ങൾ തൻ ശ്വാസം നിലക്കും വരേയ്ക്കും

അസ്തമയസൂര്യൻ ആഴിയിൽ മുങ്ങുമ്പോൾ
മണ്ണിലും വിണ്ണിലും ഇരുള് പടരുമ്പോൾ
മുങ്ങുന്നീ ശബ്ദങ്ങൾ മദ്യലഹരിയിൽ

ഒരു കൂട്ടം ഗാന്ധിയെ മടിക്കുത്തിൽ ചേർത്തവർ
മലയാള മണ്ണിനെ വില പേശി വിൽക്കുന്നു
അബലയാം അടിമയെ പോലെ...

ഒരുനാൾ കഴിഞ്ഞു മറുനാൾ തെളിഞ്ഞു
വയലിലെ കൊടികൾ മണ്ണിലലിഞ്ഞു
മാറ്റൊലികൊള്ളുന്ന നേർത്ത സ്വരങ്ങളും
നിശബ്ദതയിൽ മുങ്ങുന്ന കാഴ്ചയും കണ്ടുഞാൻ
പണത്തിനു മീതെ പറന്നൊരാ പരുന്തുകൾ
ചിറകറ്റുവീണു പിടയുന്നു നീളെ...

ചിരികൾ മുഴങ്ങുന്നു, മദ്യം ഒഴുകുന്നു
നോട്ടിന്റെ കെട്ടുകൾ വാരിവിതറുന്നു
ഇന്നലെക്കണ്ട വയലുകൾ മറയുന്നു
കൊടിതോരണങ്ങൾ വീണ്ടുമുയരുന്നു
ഇതുതന്നെ 'സ്വർഗ്ഗവും' 'പ്രത്യയശാസ്ത്രവും'
ഉച്ചത്തിലിന്നവർ ഏറ്റുവിളിക്കുന്നു.

മൂഢസ്വർഗ്ഗം തീർക്കുന്നൊരീ കൂട്ടം
കേട്ടില്ല അന്നത്തിനായ് കേഴുന്ന രോദനം
ഇന്നു ഞാൻ കേൾക്കുന്നു
നഗരങ്ങൾ സ്വർഗ്ഗങ്ങൾ , ഗ്രാമമോ ഓർമകൾ
മണ്ണിൽ പണിയുന്ന മനുഷ്യരോ വിഡ്ഢികൾ
മരുഭൂമി പെരുകുന്നു മരണങ്ങൾ നിറയുന്നു
തലചായ്ക്കുവാനായ് വീണ്ടും നടക്കുന്നു
അക്കരപ്പച്ചയെ തേടി നടക്കുന്നു.
സ്വർഗവും നരകവും തീർക്കുന്ന നീ തന്നെ
സ്വർഗത്തിൻ വാതിൽ തേടി നടക്കുന്നു.

അനീഷ് ചന്ദ്രൻ പി.ആർ
അധ്യാപകൻ

# കവിത



## മോഹം

കാലങ്ങളേറെയായ് എന്നിൽ വിതുമ്പുന്ന

പുൽക്കൊടിത്തുമ്പിനെ ഉണർത്തുവാൻ മോഹം

തട്ടിയുണർത്തി കുളിർനീരുനൽകി

പ്രാണൻ കൊടുക്കുവാൻ മോഹിക്കുന്നേറെ ഞാൻ
തീഷ്ണങ്ങളാം എന്റെ ഹൃദയനൊമ്പരങ്ങൾക്ക്

ആശ്വാസമേകുവാൻ തുടികൊട്ടുന്നെൻ മനം

മഞ്ചാടിമണിപോലെ മനസ്സിനെ തഴുകുന്നൊ-

രിളം തെന്നലാവാൻ എത്രയോ ഇഷ്ടം.

ഒഴുകിപ്പറക്കുന്ന അപ്പൂപ്പൻ താടിയെ
ശലഭമായ് തഴുകുവാൻ ഒരുവേള മോഹം

നിദ്രാവിഹീനമാം രാവിന്റെ മാറിൽ

ഒരു കൊച്ചു മിന്നാമിനുങ്ങായിരുന്നെങ്കിൽ

ഹൃദയത്തിൽ തന്ത്രിയിൽ സപ്തസ്വരം മീട്ടി

ആകാശപ്പൊയ്കയിൽ ഉയരുവാൻ മോഹം

എന്നെയുണർത്തുവാൻ ഞാൻ പാടും ഈരടി

എന്നിലെ എന്നെ ഉണർത്തുമാറാകട്ടെ
എന്നെ ഉണർത്തുവാൻ ഞാൻ കാണും സ്വപ്നങ്ങൾ

എന്നിലെ എന്നെ ഉണർത്തുമാറാകട്ടെ.

- രമ

# കഥ



## ആൽമരം

നേരം അന്തി മയങ്ങി.രമേഷ് ജോലി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുകയാണ്.വഴിയിൽ ഒരു ആൽമരം ഉണ്ട്.ആ ആൽമരത്തിനു ചുറ്റും ആൽത്തറയുമുണ്ട്.അവിടെ എത്തിയപ്പോൾ ആ ആൽ എന്നെ മാടിവിളിക്കുന്നതായി തോന്നി.ഒരു നിമിഷം ഞാൻ കഴിഞ്ഞ കാലങ്ങളെക്കുറിച്ചോർത്തു.അമ്മയുടെ കൈ പിടിച്ച് അമ്പലത്തിൽ വൈകുന്നേരങ്ങളിൽ പോകുമ്പോൾ ആ ആലിനുചുറ്റും ധാരാളം ആളുകൾ സൊറ പറഞ്ഞ് രസിക്കുകയും തങ്ങളുടെ അനുഭവങ്ങൾ പങ്കുവക്കുകയും ചെയ്യുന്നു.അവിടെ നാട്ടുകാരുടെ ഒരു കൂട്ടായ്മയാണ് കണ്ടത്.ഇപ്പോഴാകട്ടെ ആൽത്തറ ശൂന്യമായിക്കിടക്കുന്നു.എല്ലാവരും പലവഴിക്ക് പിരിഞ്ഞുള്ളവർ വീട്ടിൽ ഒതുങ്ങിക്കഴിയുന്നു.എല്ലാവർക്കും തിരക്കാണ്.അപ്പോൾ മഴപെയ്തു ആലിൽനിന്ന് ജലകണങ്ങൾ ഇറ്റിറ്റുവീണു.എനിക്ക് ആ ആൽമരം എന്നെ നോക്കി കരയുന്നതായി തോന്നി.ഞാൻ വീട്ടിലേക്ക് നടന്നു കുറച്ചു കഴിഞ്ഞു ഞാൻ തിരിഞ്ഞുനോക്കി,അപ്പോഴും ആൽമരം എന്നെ മാടിവിളിക്കുന്നതായി തോന്നി.

അർണവ് അരുൺകുമാർ
ക്ലാസ്സ് : 6

# മറക്കാനാകാത്ത യാത്ര



2023–ൽ ഡിസംബർ മാസത്തിലാണ് ഞങ്ങൾ സ്കൂൾ ടൂർ പോയത്. ഒരു ശനിയാഴ്ച്ച ആയിരുന്നു അത്. മൂന്നാം ക്ലാസ്സ് മുതൽ ഒൻപതാം ക്ലാസ്സ് വരെയുള്ള കുട്ടികളായിരുന്നു ടൂർ പോയത്. തൃശ്ശൂരിലെ പല പല സ്ഥലങ്ങളിലേക്കാണ് ഞങ്ങൾ യാത്ര പോയത്. രണ്ട് ബസ്സുകളിലായാണ് ഞങ്ങൾ യാത്ര പോയത്. പോകുംബോഴും രസകരവും ആഘോഷകരവുമായതായിരുന്നു ആ യാത്ര. ടീച്ചേർസും കൂട്ടുകാരെപോലെ കുട്ടികളുടെ ഒപ്പം ആടിയും പാടിയും യാത്ര അതിമനോഹരമാക്കി തീർത്തു. യാത്രക്കിടയിലും ഞങ്ങൾ മനോഹരമായ യാത്രാ കാഴ്ച കണ്ടിരുന്നു. ആദ്യം ഞങ്ങൾ തൃശ്ശൂർ സൂവിലേക്കാണ് പോയത്. മനോഹരമായ കുറേ മൃഗങ്ങളെ ഞങ്ങൾക്ക് അവിടെ കാണാൻ സാധിച്ചു. പിന്നീട് ഞങ്ങൾ പോയത് ആന കോട്ടയിലേക്കായിരുന്നു. അവിടെ ഞങ്ങൾ കുറേ ആനകളെ കണ്ടു. ഇതിനിടേ  ടീച്ചേർ ഞങ്ങൾക്കു ഫോട്ടോസ് എടുത്തുതരുന്നുമുണ്ടായിരുന്നു. ഒരോ കാഴ്ച്ചയും നിരീക്ഷിച്ചു കൂട്ടുകാരുമായി ചിരിച്ചും കളിച്ചുമുള്ള ആ യാത്ര അതി മനോഹരമായിരുന്നു. പിന്നീട് ഞങ്ങൾ പോയത് മറയിൻ അക്വേയത്തിലേക്കും ബീച്ചിലേക്കുമാണ്. പോയതിൽ എനിക്കു ഏറ്റവും ഇഷ്ടപ്പെട്ടതും കുറേ നേരം ചിലവഴിച്ചതുമായ സ്ഥലം. മറയിൻ അക്വേറിയത്തിൽ പല വലുപ്പത്തിലും പല നിറങ്ങളിലുമുള്ള കുറേ മീനുകളെ ഞങ്ങൾ അവിടെ കണ്ടു. പറഞ്ഞറയിക്കാൻ കഴിയാത്ത അത്രയും മനോഹരമായ കാഴ്ച്ചകളാണ് ഞങ്ങൾ അവിടെ കണ്ടത്. ഒരു ദിവസത്തെ ടൂർ ആയിരുന്നു  എങ്കിലും മറക്കാനാകാത്ത കുറേ മനോഹരമായ ഒർമകളായിരുന്നു ഞങ്ങൾക്ക് ഈ യാത്രയിലൂടെ ലഭിച്ചത്.

അലീന റെക്സി



# Pollution

We all need to
reduce our waste,
Let’s do it now,
with plenty of haste.

It’s also important,
for us to reuse.
If we’re really lucky,
we’ll be on the news.

Our Future,
must be Sustainable,
we can do it,
It’s all attainable.

About our environment,
we need to care,
It’s the only one we have
And we have the share.

Global warming,
And greenhouse gases,
To see the harm,
you don’t need glasses

As a team,
we’ll reduce pollution,
caring is the first solution.

Anamika Dhanesh

# Lord’s Sweety Land

Poem

This is my land ,
This is my land .
Different colours of flowers,
Many many plants and trees.

Rivers, forests, were present
in my wonderful earth.
Writers, scientists, art forms
are in my sweety land

Green paddy fields ,
flower gardens and rivers
Were in my lord’s land
my own lord’s land .

Living beings house is
our beautiful earth.
This is my land ,
This is my land ......
Lord’s sweety land
Lord’s sweety land.



ARCHANA UNNIKRISHNAN
STD IX






## <u>മഴവില്ല്</u>

മഴവില്ലേ..... മഴവില്ലേ.....
മാനത്തുള്ളൊരു മഴവില്ലേ...
തന്നെയിരുന്നാൽ മുഷിയില്ലേ..
താഴത്തേക്കു വരുന്നില്ലേ....
എന്നുടെ കൂടെ കളിക്കില്ലേ..
നല്ലൊരു  രസികൻ മഴവില്ലേ...


R DEKSHA

# NATURE WAS HEAVEN

As the sky becomes warmer
The fields are getting hotter
The surroundings are not cool
and you can feel
The hot air touching you slowly
Can't open your eyes
Because the sun rays
Are straight on your face.

Looking for a cool shadow
Is not present over and there.
Drinking a glass of water and enough
to quench your thirst
As you drink it, you want it even more
the breeze is filled with dust
Where you can't breathe property

In this city, no ponds, rivers
neither trees can be seen
A city where you can only
See buildings, dusty roads and polluted air
Even if you want a glass of water,
you need money
And that will be the situation
the worst situation, even
'Nature was heaven'
As the grounds getting hotter
As the skies becomes warmer
The surroundings are not cool
can't open your eyes fully
Because the sun rays strike
straight on your face
Looking for a cool shadow
and is now unavailable
Drinking a glass of water ain't enough
To quench your thirst.



As you drink it. you want it even more
The breeze is filled with dust
Where you can’t breathe properly
In this city there are no ponds in sights
No rivers …..
No trees are there
A city where you can only
See buildings which
Even if you want a glass of water
Without money you can’t get it.
And that will be the situation
Where you think that the
The worst situation
As the sky becomes warmer
The field is getting hotter
The surroundings are not cool
That you can feel the warm air.

Nikhila Lakshmanan
std: IX

കഥ

## പൂമ്പാറ്റക്കും ഉണ്ട് ഒരു പ്രധിഷേധം

ഒരു ദിവസം കിട്ടു പൂമ്പാറ്റ തേൻ കുടിക്കാൻ മുറ്റത്തുള്ള പൂങ്കാവനത്തിൽ പോയി.അമ്മയായ അമ്മു പൂമ്പാറ്റയും കൂടെ ഉണ്ടായിരുന്നു.കിട്ടു പറഞ്ഞു "അമ്മേ, ഇവിടത്തെ ചെടികളൊക്കെ എവിടെ?"അമ്മ പറഞ്ഞു "മനുഷ്യരാണ് ഇതിന്റെ ഒക്കെ കാരണം.ചെടികളിൽ മരുന്നടിച്ച് പൂക്കളെയും ചെടികളെയും നശിപ്പിക്കുകയാണ്."അതുകൊണ്ട് മറ്റ് പൂമ്പാറ്റകൾക്കും ഇപ്പോൾ ഭക്ഷണമില്ല.തേനിനുവേണ്ടി പൂമ്പാറ്റകൾ തെണ്ടി നടക്കുകയാണ്.ഇതിനെതിരെ പ്രതിഷേധിക്കാൻ തീരുമാനിച്ചു.പൂമ്പാറ്റകളുടെ തലവനായ കുട്ടപ്പൻ ചേട്ടൻ പൂമ്പാറ്റ എല്ലാവരെയും വിളിച്ച് മനുഷ്യർക്കെതിരെ സമരം ചെയ്യാൻ തീരുമാനിച്ചു. "നമ്മൾക്കും പോകാം വിജയിക്കും വരെ സമരത്തിന്"

ഗ്രിഗറി

എം.ജിസ്സ്

ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ ഒരോ വർഷവും മൊഡ്യൂൾ പ്രകാരം കൃത്യമായി നടന്നുവരുന്നു. അനിമേഷൻ,പ്രോഗ്രാമിംഗ്,മൊബൈൽ ആപ്പ് തുടങ്ങിയവ കുട്ടികൾ വളരെ താത്പര്യത്തോടെയാണ് ചെയ്യുന്നത്. ഇലക്ട്രോണിക്സ് ഉൾപ്പെടുത്തിയപ്പോൾ കുട്ടികൾ കൂടുതൽ ഉത്സാഹത്തോടെ ചെയ്യുന്നതായി കണ്ടു.

സബ്ജില്ലാ ഐറ്റി മേളയിൽ ഡിജിറ്റൽ പെയിന്റിങ്ങിൽ ഈ വിദ്യാലയത്തിലെ പത്താം ക്ലാസ്സ് വിദ്യാർത്ഥിയായ നന്ദേശ്വർ പ്രവീൺ മൂന്നാം സ്ഥാനം കരസ്ഥമാക്കി.
കൈറ്റ്സിന്റെ  നേതൃതത്വത്തിൽ സ്കൂളിൽ നടത്തിയ "ഫ്രീഡം ഫെസ്റ്റ്" എല്ലാവരിലും  കൗതുകമുണർത്തി.
പെരുമ്പാവൂർ ജില്ലാകലോത്സവത്തിൽ പരിപാടികളുടെ വീഡിയോ പകർത്തുന്നതിനു ലഭിച്ച അവസരം ഭംഗിയായി വിനിയോഗിച്ചു.
കുട്ടികളുടെ ഗ്രൂപ്പ് വർക്ക് പ്രവർത്തനമായി സ്കൂളിലെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നടത്തി. കൂടാതെ അമ്മമാർക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നൽകാൻ കഴിഞ്ഞതിലും കുട്ടികൾ സന്തുഷ്ടരാണ്.






























# എഡിറ്റോറിയൽ ബോർഡ്


Archana unnikrishnan


Sandra K S


Ruben K Thampi


Arjun T S


Irin Mariya Biju


Ganga Gireesh


JOEL J C


Eric Naithan Bijeesh

# നന്ദി




GVHSS IRINGOLE